**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3895** **09-10-2025 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികളുടെ പഠന പുരോഗതിയും ഉന്നമനവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അഹമ്മദ് ദേവർകോവിൽ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികളുടെ പഠന പുരോഗതിക്കും ഉന്നമനത്തിനുമായി പദ്ധതികളുണ്ടോയെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികളുടെ പഠന പുരോഗതിയ്ക്കും ഉന്നമനത്തിനുമായി ഫിഷറീസ് വകുപ്പ് വഴി വിവിധ പദ്ധതികൾ സർക്കാർ നടപ്പിലാക്കി വരുന്നുണ്ട്. പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | എങ്കിൽ കോഴിക്കോട് ജില്ലയിൽ പ്രസ്തുത പദ്ധതി പ്രകാരം നടപ്പിലാക്കിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ? | (ബി) | മത്സ്യത്തൊഴിലാളികളുടെ പഠന പുരോഗതിയ്ക്കും ഉന്നമനത്തിനുമായി ഫിഷറീസ് വകുപ്പ് വഴി നടപ്പിലാക്കി വരുന്ന എല്ലാ പദ്ധതികളും കോഴിക്കോട് ജില്ലയിൽ സമയബന്ധിതമായി നടപ്പിലാക്കി വരുന്നു.<br><br>കോഴിക്കോട് ജില്ലയിൽ നിന്നും ദേശീയപിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (എൻ.ബി.സി.എഫ്.ഡി.സി) / ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (എൻ.എം.ഡി.എഫ്.സി) എന്നീ ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ ധനസഹായത്തോടു കൂടി നടപ്പിലാക്കി വരുന്ന വിദ്യാഭ്യാസ വായ്പയ്ക്കായി അപേക്ഷകളൊന്നും തന്നെ ലഭിച്ചിട്ടില്ല. അപേക്ഷകൾ കിട്ടുന്ന മുറയ്ക്ക് പദ്ധതി മാനദണ്ഡങ്ങൾക്കനുസരിച്ചും, ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ചും വായ്പ അനുവദിച്ച് നൽകുന്നതാണ്.<br><br>കോഴിക്കോട് ജില്ലയിൽ മികവ് 2025 പദ്ധതി വഴി 81 വിദ്യാർത്ഥികൾക്ക് 3000/- രൂപ വച്ച് ആകെ 2,43,000/- രൂപ ക്യാഷ് അവാർഡും, സ്മരണികയും വിതരണം ചെയ്തിട്ടുണ്ട്.<br><br>കോഴിക്കോട് ജില്ലയിൽ നടപ്പ് വർഷത്തിൽ, എസ്.എസ്.എൽ.സി പരീക്ഷയിൽ എല്ലാ വിഷയങ്ങളിലും എ+ നേടിയ 67 വിദ്യാർത്ഥികൾക്ക് 5,000/- രൂപ വീതവും, 9 എ+ നേടിയ 20 വിദ്യാർത്ഥികൾക്ക് 4,000/- രൂപ വീതവും, 8 എ+ നേടിയ 17 വിദ്യാർത്ഥികൾക്ക് 3,000/- രൂപ വീതവും നൽകിയിട്ടുണ്ട്. ജി.ആർ.എഫ്.ടി.എച്ച്.എസ് |

| | | | |
|---|---|---|---|
| | | | പരീക്ഷയിൽ ഉന്നത വിജയം നേടിയ 6 വിദ്യാർഥികൾക്ക് 3,000/- രൂപ വീതവും, ഹയർ സെക്കന്ററി പരീക്ഷയിൽ എല്ലാ വിഷയങ്ങളിലും എ+ ഗ്രേഡ് ലഭിച്ച 27 വിദ്യാർത്ഥികൾക്ക് 5,000/- രൂപ വീതവും നൽകിയിട്ടുണ്ട്. കൂടാതെ, കായിക മേഖലയിൽ മികച്ച വിജയങ്ങൾ കരസ്ഥമാക്കിയ 12 കുട്ടികൾക്ക് മൊത്തം 70,000/- രൂപ അനുവദിച്ചതുമുൾപ്പെടെ, കോഴിക്കോട് ജില്ലയിൽ മേൽ പരാമർശിച്ച പദ്ധതികൾ പ്രകാരം നടപ്പ് വർഷത്തിൽ ആകെ 6,89,000/- രൂപ വിതരണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**മത്സ്യത്തൊഴിലാളികളുടെ പഠന പുരോഗതിയ്ക്കും ഉന്നമനത്തിനുമായി ഫിഷറീസ് വകുപ്പ് വഴി നടപ്പിലാക്കി വരുന്ന പദ്ധതികൾ**

| ക്രമ നമ്പർ | പദ്ധതി | ആനുകൂല്യത്തിന്റെ ഇനം |
|---|---|---|
| 1 | പ്രീ–മെടിക് വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യം | ലംപ്സംഗ്രാന്റ് |
| 2 | പോസ്റ്റ് മെടിക് വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യം | ലംപ്സംഗ്രാന്റ്, സ്കോളർഷിപ്പ്, പോക്കറ്റ് മണി, മെസ്സ് & റെന്റ് അലവൻസ്, ട്യൂഷൻ ഫീ, സ്പെഷ്യൽ ഫീ, പരീക്ഷാ ഫീ, കണ്ടിജന്റ് ഗ്രാന്റ്, ഫെലോഷിപ്പുകൾ എന്നിവ |
| 3 | രക്ഷിതാക്കൾ മരണപ്പെട്ട മത്സ്യത്തൊഴിലാളി വിദ്യാർത്ഥികളെ ദത്തെടുത്ത് ഉന്നതവിദ്യാഭ്യാസം നൽകി വരുന്നു. | പരമാവധി 1 ലക്ഷം രൂപ വരെ |
| 4 | സൗജന്യ മെഡിക്കൽ എൻട്രൻസ്/ IIT/NIT എൻട്രൻസ്/സിവിൽ സർവ്വീസ് എൻട്രൻസ് എന്നിവയ്ക്ക് പരിശീലനം നൽകി വരുന്നു. (വിദ്യാതീരം പദ്ധതി) | സംസ്ഥാനത്തെ പ്രമുഖ പരിശീലന സ്ഥാപനങ്ങളിലൂടെയാണ് എല്ലാ പരിശീലനങ്ങളും നൽകി വരുന്ന.ത് |
| 5 | കരിയർ ഗൈഡൻസ് ക്ലാസ്സുകൾ (വിദ്യാതീരം പദ്ധതി) | വിദ്യാർത്ഥികൾക്ക് അനുയോജ്യമായ പഠനം, തൊഴിൽ എന്നിവയിൽ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനായി തീരദേശത്ത് മത്സ്യത്തൊഴിലാളികളുടെ കുട്ടികൾ കൂടുതലായി പഠിക്കുന്ന വിദ്യാലയങ്ങൾ കേന്ദ്രീകരിച്ചു കരിയർ ഗൈഡൻസ് ക്ലാസ്സുകൾ വർഷം തോറും നൽകി വരുന്നു. |
| 6 | ജി ആർ എഫ് ടി എച്ച് സ്കൂളുകൾ | മത്സ്യത്തൊഴിലാളി മേഖലയിലെ വിദ്യാർത്ഥികൾക്ക് സെക്കന്ററി തലത്തിൽ താമസിച്ചു പഠിക്കുന്നതിനായി 9 തീരദേശ ജില്ലകളിലായി 10 ജി ആർ എഫ് ടി എച്ച് സ്കൂളുകൾ പ്രവർത്തിക്കുന്നു. അവിടെ കുട്ടികൾക്കാവശ്യമായ യൂണിഫോം, നോട്ട് ബുക്ക്, ടെക്സ്റ്റ്ബുക്ക്, പേന, പെൻസിൽ ബാഗ്, ബെഡ്, ബെഡ് ഷീറ്റ്, പില്ലോ കവർ മറ്റു അവശ്യ വസ്തുക്കളും സൗജന്യമായി നൽകി വരുന്നു. കൂടാതെ സൗജന്യ പഠനയാത്ര (വിമാനമാർഗം), കുട്ടികളുടെ മാനസികാരോഗ്യം നിലനിർത്തുന്നതിനായി സൈക്കോളജി കൗൺസിലർമാരുടെ സേവനം, സ്മാർട്ട് |

| | | |
|---|---|---|
| | | ക്ലാസ്സ് റൂമുകൾ, ലാബ് സൗകര്യം, ലൈബ്രറി സൗകര്യം, മൈക്രോ ടീച്ചിംഗ് remedial ടീച്ചിംഗ്, കലാ / കായിക പ്രോത്സാഹനത്തിനായി കോച്ചിംഗ് ക്ലാസുകൾ എന്നിവയും നൽകി വരുന്നു. കുട്ടികളുടെ ആരോഗ്യ സംരക്ഷണം ഉറപ്പാക്കുന്നതിനായി പോഷക സമൃദ്ധമായ ആഹാരവും വകുപ്പിന്റെ പദ്ധതി പ്രകാരം നൽകി വരുന്നു . |

**<u>മത്സ്യഫെഡ്</u>**

മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തു പ്രവർത്തിക്കുന്ന പ്രാഥമിക മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങളിൽ അംഗങ്ങളായിട്ടുള്ള മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ഉന്നത വിദ്യാഭ്യാസത്തിനായി ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (എൻ.ബി.സി.എഫ്.ഡി.സി) /ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (എൻ.എം.ഡി.എഫ്.സി) എന്നീ ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ ധന സഹായത്തോടു കൂടി വിദ്യാഭ്യാസ വായ്പ നടപ്പിലാക്കി വരുന്നു. 5 വർഷത്തിൽ അധികരിക്കാത്ത സാങ്കേതികവും തൊഴിൽപരവുമായ കോഴ്സുകൾക്കാണ് വായ്പ സഹായം നൽകി വരുന്നത്. എൻ.എം.ഡി.എഫ്.സി പദ്ധതി പ്രകാരം ഇന്ത്യയിൽ തന്നെയുള്ള കോഴ്സുകൾക്ക് പരമാവധി 20 ലക്ഷം രൂപ വരെയും ഇന്ത്യക്ക് പുറത്തുള്ള കോഴ്സുകൾക്ക് പരമാവധി 30 ലക്ഷം രൂപവരെയും വായ്പ നൽകി വരുന്നു. എന്നാൽ എൻ.ബി.സി.എഫ്.ഡി.സി പദ്ധതി പ്രകാരം പരമാവധി 15 ലക്ഷം രൂപ വരെയാണ് വിദ്യാഭ്യാസ വായ്പ നൽകുന്നത്. കോഴ്സ് പൂർത്തീകരിച്ച് ആറ് മാസം കഴിയുകയോ അല്ലെങ്കിൽ തൊഴിൽ ലഭിച്ചതിന് ശേഷമോ ഏതാണോ ആദ്യം അതുവരെ വായ്പയ്ക്ക് മൊറട്ടോറിയം ഉണ്ടായിരിക്കുന്നതാണ്. എൻ.എം.ഡി.എഫ്.സി പദ്ധതി പ്രകാരം കുടുംബ വാർഷിക വരുമാനം 3 ലക്ഷം രൂപ വരെയുള്ളവർക്ക് വാർഷിക പലിശ നിരക്ക് 3% p.a. (credit Line 1), കുടുംബ വാർഷിക വരുമാനം 8 ലക്ഷം രൂപ വരെയുള്ളവർക്ക് വാർഷിക പലിശ നിരക്ക് 8% p.a.(credit Line 2), കുടുംബ വാർഷിക വരുമാനം 8 ലക്ഷം രൂപ വരെയുള്ള വനിതാ അപേക്ഷകർക്ക് പലിശ നിരക്ക് 3% p.a.(credit Line 2) ആണ് വിദ്യാഭ്യാസ വായ്പ നൽകി വരുന്നത്. എന്നാൽ എൻ.ബി.സി.എഫ്.ഡി.സി പദ്ധതി പ്രകാരം വിദ്യാഭ്യാസ വായ്പയ്ക്ക് പലിശ നിരക്ക് 8 % ആണ്.

**<u>വിദ്യാഭ്യാസ അവാർഡ് മികവ്</u>**

മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിൽ അംഗങ്ങളായ മത്സ്യത്തൊഴിലാളികളുടെ മക്കളിൽ എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷകളിൽ മികച്ച വിജയം നേടുന്നവർക്ക് വിദ്യാഭ്യാസ അവാർഡ് (ക്യാഷ് അവാർഡും, സ്മരണികയും) നൽകിവരുന്നു.

**<u>മത്സ്യബോർഡ്</u>**

കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് അംഗങ്ങളായ മത്സ്യത്തൊഴിലാളി/ അനുബന്ധത്തൊഴിലാളികളുടെ മക്കളുടെ പഠന പുരോഗതിയും ഉന്നമനവും ലക്ഷ്യമിട്ട് താഴെ പറയുന്ന പദ്ധതികൾ മത്സ്യബോർഡ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്.

**1. എസ്.എസ്. എൽ.സി ക്യാഷ് അവാർഡ്**

മത്സ്യത്തൊഴിലാളി/ അനുബന്ധത്തൊഴിലാളികളുടെ മക്കളിൽ, എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് എല്ലാ വിഷയങ്ങളിലും എ+ നേടിയ വിദ്യാർത്ഥികൾക്ക് 5,000/- രൂപ വീതവും , 9 എ+ നേടിയ വിദ്യാർത്ഥികൾക്ക് 4,000/- രൂപ വീതവും, 8 എ+ നേടിയവർക്ക് 3,000/- രൂപ വീതവും നൽകുന്നുണ്ട്. ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കണ്ടറി പരീക്ഷയിൽ എല്ലാ വിഷയങ്ങളിലും എ+ ഗ്രേഡ് ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് 5,000/- രൂപ വീതം അനുവദിക്കുന്നത് കൂടാതെ, ഫിഷറീസ് ടെക്നിക്കൽ സ്കൂളിൽ നിന്നും ഉയർന്ന ഗ്രേഡ് കരസ്ഥമാക്കുന്ന 3 വിദ്യാർത്ഥികൾക്ക് 3,000/ രൂപ വീതവും നൽകുന്നുണ്ട്.

**2. ബിരുദ, ബിരുദാനന്തര പരീക്ഷകളിൽ റാങ്ക് നേടുന്നവർക്ക് ക്യാഷ് അവാർഡ്**

ഈ പദ്ധതി പ്രകാരം, അംഗീകൃത സർവ്വകലാശാലകളിൽ നിന്നും ബിരുദ/ ബിരുദാനന്തര പരീക്ഷകളിൽ ഒന്ന്, രണ്ട്, മൂന്ന് റാങ്ക് നേടുന്നവർക്ക് യഥാക്രമം 10,000/- രൂപ, 9,000/- രൂപ, 8,000/- രൂപ വീതം നൽകുന്നതാണ്.

**3. സർക്കാർ മെറിറ്റ് അടിസ്ഥാനത്തിൽ സീറ്റ് ലഭ്യമാകാത്ത ബോർഡ് അംഗങ്ങളുടെ മക്കൾക്ക് മെഡിക്കൽ വിദ്യാഭ്യാസത്തിനായി ധനസഹായം**

ഈ പദ്ധതി പ്രകാരം, MBBS, BDS, BAMS, BHMS, പാരാമെഡിക്കൽ കോഴ്സുകൾ എന്നീ പ്രൊഫഷണൽ മെഡിക്കൽ കോഴ്സുകൾക്ക് മെറിറ്റ് അടിസ്ഥാനത്തിൽ പ്രവേശനം ലഭ്യമാകാത്ത ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്ക്, സ്വാശ്രയ കോളേജുകളിലോ, വിദേശത്തോ പോയി പഠിക്കുന്നതിനായി 1 ലക്ഷം രൂപ വരെ ധനസഹായം അനുവദിക്കുന്നു.

**4. കായിക മത്സരങ്ങളിൽ ഉന്നത വിജയം നേടുന്നവർക്ക് തുടർപരിശീലനത്തിന് ധനസഹായം നൽകുന്ന പദ്ധതി**

സംസ്ഥാന/ദേശീയതലങ്ങളിൽ, കായിക മത്സരങ്ങളിൽ ആദ്യ മൂന്ന് സ്ഥാനങ്ങൾ നേടുന്ന മത്സ്യത്തൊഴിലാളികളുടെയും അനുബന്ധത്തൊഴിലാളികളുടെയും മക്കൾക്ക് അംഗീകൃത പരിശീലകനിൽ നിന്നോ, അംഗീകൃത പരിശീലന സ്ഥാപനത്തിൽ നിന്നോ തുടർപരിശീലനം നേടുന്നതിനായി ഒരു ഗുണഭോക്താവിന് പരമാവധി 50,000/- രൂപ ധനസഹായം അനുവദിക്കുന്നു.

**5. അന്താരാഷ്ട്ര കായിക മത്സരത്തിൽ പങ്കെടുക്കുന്നതിന് യാത്രാചെലവിനായി ധനസഹായം**

ഈ പദ്ധതി പ്രകാരം, ദേശീയ/ സംസ്ഥാന തലങ്ങളിലുള്ള കായിക മത്സരങ്ങളിൽ മികച്ച വിജയം നേടി അന്താരാഷ്ട്ര മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് യോഗ്യത നേടിയ ക്ഷേമനിധി ബോർഡ് അംഗങ്ങളുടെ മക്കൾക്ക്, യാത്രാച്ചെലവിനായി ഒരാൾക്ക് പരമാവധി ഒരു ലക്ഷം രൂപ ധനസഹായം അനുവദിക്കുന്നു.